# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാരശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1182/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി1/1182/2021 തീയ്യതി: 13/09/2021

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ഷൈന.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ..ടി.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.വി.കെ.വിനോദ് | പ്രസിഡന്റ് | | |
| ശ്രീ.മുഹമ്മദ് അഷ്റഫ്.വൈ.പി | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ.ജോഷി ജോസ്.സി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2019 | 06-08-2019 |
| ശ്രീ.കൃഷ്ണകുമാർ.കെ | സെക്രട്ടറി | 07-08-2019 | 11-12-2019 |
| ശ്രീ.അൻസു.ഒ.എ | സെക്രട്ടറി | 11-12-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സജ്ന.പി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സത്യവതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.അഭയ്ദേവ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-05-2019 |
| ഡോ.മാത്യു ആൻഡ്രൂസ്.ഒ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-06-2019 | 31-03-2020 |
| ഡോ.സുഭാഷ് രാജ്.കെ.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ലിനീഷ്.എൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ഭൂപേഷ്.ബി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി വിജില | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സോണി.എം | അസി.എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ശ്രീ.രാജേഷ്.എൻ | അസി.എഞ്ചിനീയർ | 23-07-2019 | 27-07-2019 |
| ശ്രീ.മൂസ്സ | അസി.എഞ്ചിനീയർ | 27-07-2019 | 02-09-2019 |
| ശ്രീ.രാജേഷ്.എൻ | അസി.എഞ്ചിനീയർ | 02-09-2019 | 15-11-2019 |
| ശ്രീ.രാജേഷ്.ടി.പി | അസി.എഞ്ചിനീയർ | 15-11-2019 | 31-03-2020 |
| ശ്രീമതി ശുഭ.സി.വി | കൃഷി ഓഫീസർ | 01-04-2019 | 08-11-2019 |
| ശ്രീ.അജിത്ത്കുമാർ.കെ.ആർ | കൃഷി ഓഫീസർ | 08-11-2019 | 31-03-2020 |
| ശ്രീമതി റുമൈസ.പി.എം | ഡയറി ഫാം | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |
| ശ്രീ.ജോഷി ജോസ്.സി.ജെ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.സിദ്ദീഖ്.കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം - ബജറ്റ് പുതുക്കുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 28-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 22-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 29-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Hari. K.P (Audit Officer (HG), On 28-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 21-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-6 |
| 8 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ<br>Written By: Hari. K.P (Audit Officer (HG), On 26-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-7 |
| 9 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരിൽ നിന്നും വിഹിതം ഈടാക്കി-പദ്ധതി ഉപേക്ഷിച്ച നിലയിൽ<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-8 |
| 10 | പകൽ വീട്-കെയർടേക്കർക്ക് അധിക തുക നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-9 |
| 11 | കൃത്യമായ പദ്ധതിയില്ലാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പിലായില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-10 |
| 12 | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-11 |
| 13 | ആദിവാസി കലാകേന്ദ്രം നവീകരണം പ്രവർത്തി നടക്കാതെ തുക അനുവദിച്ചതും മറ്റ് അപാകതകളും -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-12 |
| 14 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിറജിസ്റ്ററിൽ | 1-13 |

| | | |
|---|---|---|
| | ചേർക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | |
| 15 | പാലക്കാം പൊയിൽ റോഡ് നവീകരണം പ്രവർത്തി പാർട്ട് ബില്ലിൽ അധിക തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-14 |
| 16 | അക്കരപ്പറമ്പ് എസ്റ്റേറ്റ് റോഡ് നവീകരണം പ്രവൃത്തി റിവൈസ് ചെയ്യാതെ ചെലവ് തുക അനുവദിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-15 |
| 17 | പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-16 |
| 18 | മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-17 |
| 19 | എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-18 |
| 20 | പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-19 |
| 21 | കുടിവെള്ള വിതരണം, സർക്കാർ ഉത്തരവുകൾ പാലിച്ചില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 24-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പകൽ വീട്-കെയർടേക്കർക്ക് അധിക തുക നൽകി<br>Written By: RAMDAS M. (Asst. Audit Officer, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 3-1 |
| 2 | കൃത്യമായ പദ്ധതിയില്ലാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പിലായില്ല<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 3-2 |
| 3 | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി<br>Written By: Shyna A.K (Asst. Audit Officer, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 25-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 10-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 26-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 23-08-2021)<br>Last Updated By: Vasudevan M (Deputy Director, On 13-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനം - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ വകയിരുത്തിയ തുകക്ക് കൂടുതലോ, ഉൾപ്പെടാത്ത ഇനത്തിനോ ചെലവഴിക്കുമ്പോൾ പുതുക്കിയതോ/സപ്ലിമെന്ററിയോ ബജറ്റ് അംഗീകരിച്ച മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിക്കുമ്പോൾ തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച പാസ്സാ ക്കേണ്ടതാണ് . എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് കണക്കുകളുടെ വൻ വ്യതിയാനം വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല.

ഉദാഹരണം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 160 | 12707000 | 12706800 | 13046293 |
| 2 | 130 | 16000 | 106000 | 99600 |

റിവൈസ് ചെയ്തിട്ടും ബഡ്ജറ്റിൽ നിന്നുമുള്ള വ്യതിയാനം നിരവധിയാണ്. ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 150 | 375000 | 282000 | 292110 |
| 2 | 140 | 1245000 | 1422000 | 1063790 |
| 3 | 171 | 170000 | 120000 | 133022 |
| 4 | 230 | 2925000 | 1860000 | 1465009 |
| 5 | 253 | 2000000 | 2100000 | 1535900 |
| 6 | 254 | 50000000 | 50000000 | 13180080 |
| 7 | 210 | 14825000 | 14340000 | 10425219 |
| 8 | 251 | 80245000 | 74310000 | 63771313 |
| 9 | 252 | 21935400 | 4100000 | 8896161 |
| 10 | 410 | 23980600 | 11700000 | 2797218 |
| 11 | 110 | 7700000 | 5100000 | 4796062 |

ബഡ്ജറ്റിന്റെ കൃത്യതയില്ലായ്മയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 2018 ഡിസംബർ മാസം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളോട് 2019 – 20 വർഷം ദൈനംദിന ചെലവുകളുടെ ബജറ്റ് ആവശ്യപ്പെട്ടതിൽ നാല് സ്ഥാപനങ്ങൾ മാത്രമാണ് മറുപടി നൽകിയത് .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട തുക |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | 41000 |

| | | |
|---|---|---|
| | കാരശ്ശേരി | |
| 2 | വെറ്റിനറി സർജൻ , തേക്കുംകുറ്റി | 43600 |
| 3 | ഹെഡ് മാസ്റ്റർ, ജി. എൽ. പി. എസ്. ആനയാംകുന്ന് | 368000 |
| 4 | മെഡിക്കൽ ഓഫീസർ, ജി. എച്ച് .ഡി. കാരമൂല | 600000 |

അഗ്രിക്കൾച്ചർ ഓഫീസർ, മെഡിക്കൽ ഓഫീസർ ഹോമിയോ, വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, യുനാനി മെഡിക്കൽ ഓഫീസർ എന്നിവർ ബജറ്റ് പ്രപ്പോസലിന് ചെലവ് പ്രതീക്ഷിക്കുന്ന തുക അറിയിച്ചില്ല . എന്നാൽ ഇവർ യഥാക്രമം 2019 – 20 വർഷത്തിൽ താഴെ കൊടുത്ത തുക ചെലവഴിച്ചിട്ടുണ്ട് .

1 ) കൃഷി ഓഫീസർ - 15038

2 ) മെഡിക്കൽ ഓഫീസർ, ഹോമിയോ - 19710

3 ) അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫിസ് - 31812

4 ) വി.ഇ.ഒ - 11683

5 ) മെഡിക്കൽ ഓഫീസർ യുനാനി - 50310

മേൽ കാണിച്ച 5 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് 2019 - 20 ൽ നിർവ്വഹിച്ചത് ബജറ്റിൽ ഉൾക്കൊള്ളിക്കാതെയാണ്. ബജറ്റ് പ്രൊവിഷനെക്കാൾ കൂടുതൽ/കുറവ് തുക ചെലവഴിച്ചതും ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചതും വിശദീകരിക്കേ ണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Forms ഇനത്തിൽ 2,92,110/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. എ.സി.ആർ, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

4. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല (Contractors Emd, Suppliers Emd, Bidders Emd, Contractors Security Deposit, Auction Deposit)

5. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2018 ന് ശേഷം ആസ്തി രജിസ്റ്ററിൽ ഒരു രേഖപ്പെടുത്തലുമില്ല. (തടപ്പറമ്പ് കോളനിയുമായി ബന്ധപ്പെട്ട കേസിൽ ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റേ ചെയ്തിരിക്കുകയാണ്).

6. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14946378 |
| വരവ് | 77315306 |

| | |
|---|---|
| ആകെ | 92261684 |
| ചെലവ് | 79573386 |
| നീക്കിയിരിപ്പ് | 12688298 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് ജനറൽ | | 21565951 | 21565951 | 14731919 | 6834032 |
| 2 | വികസന ഫണ്ട് (SCP) | | 9170471 | 9170471 | 6269521 | 2900950 |
| 3 | വികസന ഫണ്ട് (TSP) | | 2025000 | 2025000 | 113771 | 1911229 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 11897933 | 11897933 | 5686954 | 6210979 |
| 5 | മെയിന്റനൻസ്(റോഡ്) | | 28720000 | 28720000 | 13245422 | 15474558 |
| 6 | മെയിന്റനൻസ്(നോൺ റോഡ്) | | 5156000 | 5156000 | 2061559 | 3094441 |
| മറ്റ് ഗ്രാന്റുകൾ | | | | | | |
| 7 | ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 941988 | 1195807 | 2137795 | 1326553 | 811242 |
| 8 | ജലനിധി | 323705 | 538813 | 862518 | 516000 | 346518 |
| 9 | ശുചിത്വമിഷൻ | 1279772 | | 1279772 | 401028 | 878744 |
| 10 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 22305 | 55011354 | 55033659 | 55008548 | 25111 |
| 11 | ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാം | 813000 | | 813000 | - | 813000 |
| 12 | ലൈഫ് മിഷൻ സംസ്ഥാന വിഹിതം | - | 240000 | 240000 | - | 240000 |
| 13 | എസ്.ടി.കോർപ്പസ് ഫണ്ട് | - | 251754 | 251754 | - | 251754 |
| ജോയിന്റ് വെഞ്ചർ പദ്ധതി<br>ബ്ലോക്ക് പഞ്ചായത്ത് | | | | | | |
| 14 | ലൈഫ് മിഷൻ | - | 1777932 | 1777932 | 1700000 | 77932 |
| 15 | മിൽക്ക് ഇൻസെന്റീവ് | - | 300000 | 300000 | 300000 | - |
| 16 | സ്കോളർഷിപ്പ് | - | 450000 | 450000 | 449800 | 200 |
| 17 | പാഡി ഇൻസെന്റീവ് | - | 40000 | 40000 | 40000 | - |
| 18 | ശുചിത്വം | 400000 | - | 400000 | 21500 | 378500 |
| 19 | സബ്സെന്റർ നിർമ്മാണം | 700000 | - | 700000 | 635584 | 64416 |
| 20 | പഞ്ചായത്ത് മിനി | 167714 | - | 167714 | 163902 | 3812 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേഡിയം | | | | | |
| 21 | ശ്മശാനം പുനരുദ്ധാരണം | 500000 | - | 500000 | 500000 | - |
| ജില്ലാ പഞ്ചായത്ത് | | | | | | |
| 22 | മാവണ്ണ കാരാട്ട് കോളനി കുടിവെള്ള പദ്ധതി | 2000000 | - | 2000000 | 1099673 | 900327 |
| 23 | ആകാശഗംഗ | 200000 | - | 200000 | - | 200000 |
| 24 | ലൈഫ് പദ്ധതി (എസ്.സി.) | 342068 | - | 342068 | 342068 | - |
| 25 | അറവ് ശാല നിർമാണം | 2000000 | - | 2000000 | - | 2000000 |
| 26 | ബിൽഡിങ്ങ് മെറ്റീരിയൽ യൂണിറ്റ് | 400000 | - | 400000 | - | 400000 |

മറ്റ് ധനസഹായം (ജില്ലാ , ബ്ലോക്ക് ) വിനിയോഗം നടക്കാത്തവ തിരിച്ചടക്കേണ്ടതാണ് .

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 8231865 | 10002615 |
| | സേവനം | 16665408 | 108501693 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 7619500 | 106636384 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 1283153 | 1372153 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | സേവനം | 4602976 | 4968066 |
| സംരക്ഷണ ഗ്രാന്റ് റോഡ് | പശ്ചാത്തലം | 34397213 | 35645616 |

മേൽ വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതി | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 317 | 189113765 | 159 | 56611057 | 29.93 % |

മുൻ വർഷം സ്പിൽ ഓവർ പദ്ധതിക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാൻറുകളുടെ പൂർണ്ണ വിനിയോഗം നടന്നിട്ടില്ലെന്ന് കാണാം . ആകെ വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് | വകയിരുത്തിയത് | ബജറ്റ് അലോട്ട്മെന്റ് | ആകെ അലോട്ട്മെന്റ് | 2 - 3 | 4 - 3 |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 1 | പ്ലാൻ ഫണ്ട് ജനറൽ | 25246100 | 17730000 | 21565951 | 7516100 | 3835951 |
| 2 | എസ്.സി.പി | 10324250 | 7812000 | 9170471 | 2512250 | 1358471 |
| 3 | ടി.എസ്.പി | 2296053 | 1465000 | 2025000 | 831053 | 560000 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14057671 | 11895000 | 11897933 | 2162671 | 2933 |
| 5 | മെയിന്റനൻസ് (നോൺ റോഡ്) | 5875640 | 5156000 | 5156000 | 719640 | - |
| 6 | മെയിന്റനൻസ് (റോഡ്) | 34397213 | 28720000 | 28720000 | 5677213 | - |
| ആകെ | | 92196927 | 72778000 | 70281925 | 19418927 | 5757355 |

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതികൾക്കായി 19418927 രൂപ വകയിരുത്തിയതായി കാണുന്നു. 15.5.2019ലെ 990 / 19 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ബജറ്റ് വിഹിതത്തിന്റെ 20 % വരെ ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് വകയിരുത്താമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉത്തരവിന് വിരുദ്ധമായി 26.68 % വകയിരുത്തലാണ് സ്ഥാപനം നടത്തിയത്. ഇത് വിശദീകരിക്കേണ്ടതാണ് .

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ ആസൂത്രണം ചെയ്ത എസ്.സി.വിഭാഗക്കാർക്ക് വാട്ടർടാങ്ക് നൽകൽ എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരിൽനിന്നും ഗുണഭോക്തൃവിഹിതം നേരിട്ട് പഞ്ചായത്തിൽ ഈടാക്കിയതായി കാണുന്നുണ്ട്. പല ഗുണഭോക്താക്കളും വിഹിതം തിരികെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 2019-20ൽ പദ്ധതി നടപ്പാക്കിയില്ല. 20-21 ൽ സ്പിൽഓവറായി വെച്ച പ്രൊജക്ടും നടപ്പാക്കിയില്ല. 21-22ൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥന്റെ അനുവാദമില്ലാതെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് വഴിയാണ് പണം അടവാക്കിയിരിക്കുന്നത്.വഴിയെ പോകുന്ന ആർക്കും വ്യക്തമായ ഡിമാന്റില്ലാതെ പണം അടവാക്കാൻ സാധിക്കുന്നു എന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കുത്തഴിഞ്ഞ അവസ്ഥയെയും പദ്ധതി നടത്തിപ്പിലെ കെടുകാര്യ സ്ഥതയെയുമാണ് സൂചിപ്പിക്കുന്നത്. ഇതുകാരണം പദ്ധതിതന്നെ ഉപേക്ഷിക്കപ്പെട്ടിരിക്കുക യുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 19-07-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യ ത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6974 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ

എ) പെട്രോൾ പമ്പ് നിർമ്മാണം-കലക്ടറുടെ അനുമതിയില്ലാതെ പെർമിറ്റ് നൽകി

ഫയൽ നമ്പർ:A3-BA(28632)/2019/

കാരശ്ശേരി പഞ്ചായത്തിൽ മുക്കം-അരീക്കോട് റോഡിൽ കക്കാട് വില്ലേജിൽ (R.Survey 44/20)നമ്പർ സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ശ്രീ ഉണ്ണിക്കാമു തുടങ്ങിയവർ നൽകിയ അപേക്ഷയെ തുടർന്ന് മേൽ നമ്പർ പ്രകാരം പെർമിറ്റ് നൽകിയിരുന്നു. ഫയൽ പരിശോ ധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.പെർമിറ്റ് നൽകുന്നതിനുമുമ്പെ അനധികൃതമായി നിർമ്മാണം ആരംഭിച്ചതായി ഫയലിൽനിന്നും വ്യക്തമാണ്. എന്നാൽ റെഗുലറൈസേഷൻ ഫീ ഈടാക്കിയതായി കാണുന്നില്ല.

2.ഭൂമിക്കടിയിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല.

ബി)അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിനെ മറികടന്ന് സ്ഥലപരിശോധന കൂടാതെ പെർമിറ്റ് നൽകി

ഫയൽ നമ്പർ :A3/1013/19 അബൂബക്കർ എ.എം

ബിൽഡിംഗ് പണി പൂർത്തീകരിച്ച ശേഷം സ്ഥലംപരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്തുത ബിൽഡിംഗിൽ പെർമിറ്റിനു വിരുദ്ധമായി ഒരു ഫ്ളോർകൂടി അധികമായി നിർമ്മിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് ഓണറുടെ അപേക്ഷ പരിഗണിച്ച് സ്ഥലപരിശോധന കൂടാതെ അനധികൃതമായി നിർമ്മിച്ച ഭാഗം ഒഴിവാക്കി ഒക്യുപെൻസി നൽകിയതായി കാണുന്നു.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19-20 തിയ്യതി 18.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-8 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരിൽ നിന്നും വിഹിതം ഈടാക്കി-പദ്ധതി ഉപേക്ഷിച്ച നിലയിൽ

പ്രൊജക്ടിന്റെ പേര്-എസ്.സി.വിഭാഗക്കാർക്ക് വാട്ടർടാങ്ക് നൽകൽ

പ്രൊജക്റ്റ് നം 22/20(SO-296/21)

അടങ്കൽ തുക 112500/- (എസ്.എസ്.പി)

37500/-(ഗുണഭോക്തൃവിഹിതം-സ്ഥാപനത്തിൽ അടക്കുന്നത്)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ ആസൂത്രണം ചെയ്ത മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ 90 പേരും അഡീഷണൽ ലിസ്റ്റിൽ 60 പേരും ഉൾപ്പെട്ടിട്ടുണ്ട്. ലെഡ്ജർ പ്രകാരം നാല്പതോളം ഗുണഭോക്താക്കൾ തൻവർഷം ഗുണഭോക്തൃവിഹിതം നേരിട്ട് പഞ്ചായത്തിൽ അടവാക്കിയതായി കാണുന്നുണ്ട്. പല ഗുണഭോക്താക്കളും വിഹിതം തിരികെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. 2019-20ൽ പദ്ധതി നടപ്പാക്കിയില്ല. 20-21 ൽ സ്പിൽഓവറായി വെച്ച പ്രൊജക്ടും നടപ്പാക്കിയില്ല. 21-22 ൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടില്ല.

2019-20ലെ ഗുണഭോക്തൃവിഹിതം സംബന്ധിച്ച ലെഡ്ജർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരും വിഹിതം അടവാക്കിയതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | അടവാക്കിയ തുക | രശീതി നം./ തിയ്യതി |
|---|---|---|---|
| 1 | സ്മിജ.തെയ്യത്തുംകാവ്, നെല്ലിക്കാപറമ്പ് | 750/- | 7013/7.3.20 |
| | | | |

| | | | |
|---|---|---|---|
| 2 | കല്ല്യാണി,മേൽപാട്ടിൽ, കുമാരനെല്ലൂർ | 750/- | 7064/9.3.20 |
| 3 | രഞ്ജു.എം.കെ, മലാംകുന്ന്, മൈസൂർമല | 750/- | 6150/15.02.20 |
| 4 | സ്മിത | 750/- | 100017/3.4.19 |
| 5 | വസന്തൻ | 750/- | 4480/30.12.19 |
| 6 | ചെറിയാൻ | 750/- | 6231/18.2.20 |

ലെഡ്ജറിൽ പണം അടവാക്കിയ പലരുടെയും പേര് ചേർത്തിട്ടില്ല. ചേർത്ത പേരുകാരുടെ വിലാസം വ്യക്തമല്ല. ആയതുകൊണ്ടുതന്നെ ഗുണഭോക്തൃലിസ്റ്റിലെ പേരും ലെഡ്ജറിലെ പേരും താരതമ്യം ചെയ്ത് കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്തവരിൽ നിന്നും വിഹിതം വാങ്ങിയതിനും പദ്ധതി നടപ്പിലാക്കാത്തതിനും മറുപടി ലഭ്യമാക്കേണ്ടതും മേൽ പ്രൊജക്ട് പ്രകാരം ഈടാക്കിയതും തിരിച്ചുനൽകിയതുമായ ഗുണഭോക്തൃവിഹിതത്തിന്റെ കണക്ക് (ഗുണഭോക്താവിന്റെ പേര്, വിലാസം, തുക, തിയ്യതി,രശീതി/വൌച്ചർ നമ്പർ ഉൽപ്പെടെ)പരിശോധനക്ക് ലഭ്യമാക്കേണ്ടതു മാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (04/19-20തിയ്യതി 16.08.21)മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥന്റെ അനുവാദമില്ലാതെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് വഴിയാണ് പണം അടവാക്കിയിരിക്കുന്നത്. വ്യക്തമായ ഡിമാന്റില്ലാതെ പണം അടവാക്കാൻ സാധിക്കുന്നു എന്നത് ആഭ്യന്തര നിയന്ത്രണ സംവിധാന ത്തിന്റെ കാര്യക്ഷമതയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. ഇതുകാരണം പദ്ധതിതന്നെ ഉപേക്ഷിക്ക പ്പെട്ടിരിക്കുകയുമാണ്.

പുതിയപദ്ധതി വിഭാവനം ചെയ്ത് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വാട്ടർടാങ്ക് വിതരണം ചെയ്യേണ്ടതും വിശദമായ ആഭ്യന്തരതല അന്വേഷണം നടത്തി അപാകതകൾ ആവർത്തിക്കാ തിരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-9 പകൽ വീട്-കെയർടേക്കർക്ക് അധിക തുക നൽകി

പ്രൊജക്ടിന്റെ പേരും നമ്പറും-പകൽ വീട് 77/20

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.

വകയിരുത്തിയതുക 416000/-(വികസനഫണ്ട്-പൊതുവിഭാഗം)

ചെലവ് 416000/-

| ക്രമ നം. | ബിൽനമ്പർ,തിയ്യതി | തുക |
|---|---|---|
| 1 | | |
| 2 | 7/27.7.19 | 45000/- |
| 3 | 9/24.8.19 | 15000/- |
| 4 | 11/10.10.19 | 115000/- |
| 5 | 14/22.10.19 | 15000/- |
| 6 | 19/26.12.19 | 70000/- |
| 7 | 25/10.03.19 | 122000/- |
| 8 | 31/24.03.19 | 34000/- |
| | ആകെ | 416000/- |

കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽസമത്ത് ഒത്തുകൂടുവാനും ഉല്ലസിക്കുവാനും ഒരു കേന്ദ്രം സ്ഥാപിച്ച് അത് വഴി ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ലഘൂകരിക്കുകയും

മാനസികാരോഗ്യം മെച്ചപ്പെടുത്തുകയുമാണ് പദ്ധതി ലക്ഷ്യം. ഇവർക്ക് ഒന്നിച്ചിരുന്ന് കഥകൾ പറയാനും എഴുതാനും കളിക്കാനും വായിക്കാനും സൗകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രവർത്തന ത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നെല്ലിക്കാപറമ്പിൽ ശ്രീ ഗോശാലക്കൽ അബ്ദുൾ അക്ബർ എന്നവരുടെ ഉടമസ്ഥതയിലുള്ള KP/13/264 നമ്പർ വീട്ടിൽ , പ്രതിമാസം 20000/-വാടകക്ക് പ്രവർത്തിക്കുന്ന ലജൻ്റ് ക്ലബ്ബ് എന്ന പകൽവീട്ടിൽ ഒരു കെയർടേക്കറും ഒരു ശുചീകരണതൊഴിലാളിയുമുൾപ്പെടെ രണ്ട് ജീവനക്കാരാണുള്ളത്. വാടകയും ജീവനക്കാരുടെ ഓണറേറിയവുമുൾപ്പെടെ (കെയർടേക്കർ-8000/-, ശുചീകരണതൊഴിലാളി-7000/-)പ്രതിമാസം 35,000/-രൂപയാണ് പദ്ധതിയിൽ നിന്നുള്ള ചെലവ്.

14.02.2018ലെ കൈ.22/2018നമ്പർ ഉത്തരവ്വ ഖണ്ഡിക 7.1.13പ്രകാരം പകൽവീട്ടിൽ നിയമിക്കുന്ന ജീവനക്കാർക്ക് 7000/-രൂപയിൽ അധികരിക്കാതെയാണ് വേതനം നൽകേണ്ടത്. എന്നാൽ കെയർടേക്കർക്ക് 11/19 വരെ പ്രതിമാസം 8000/-രൂപ നൽകി വന്നിരുന്നു.

കെയർടേക്കർ ശ്രീ അലിഹസന് 04/19 മുതൽ 11/19 വരെയുള്ള മാസങ്ങളിലായി 1000/- രൂപവീതം ആകെ 8000/-രൂപ അധികം നല്കിയതായി കാണുന്നു.അപാകത ശ്രദ്ധയിൽപ്പെ ടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-03/19-20തിയ്യതി 16.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 8000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-10 കൃത്യമായ പദ്ധതിയില്ലാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പിലായില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 193/2019-20 (സ്പിൽ ഓവർ)

ചെലവ് - 1160000

ബിൽനമ്പർ തിയ്യതി - 38 /26.06.2019)

2.11.2018 ലെ ഐ.സി.ഡി.എസ്/A7/23073/18 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ 61-തേക്കുംകുറ്റി, 69 -കുട്ടിക്കുന്ന് എന്നീ അങ്കണവാടി കെട്ടിട ങ്ങളുടെ നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചെലവിന്റെ 40% തുക പഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി 1160000 രൂപ അഡ്വാൻസ് ആയി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ 2 അങ്കണവാടി കെട്ടിടങ്ങളുടെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പ് നാളിതുവരെ നടത്തിയിട്ടില്ല. ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറിയപ്പോൾ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിന് പകരം തെറ്റായി ഇലക്ട്രിക്കൽ വിഭാഗത്തിലേയ്ക്കാണ് നൽകിയിട്ടുള്ളത് . തിരികെ ആ സാമ്പത്തിക വർഷത്തിൽ തുക മാറ്റിയിട്ടില്ല.

29.09.20 ലെ ഐ.സി.ഡി.എസ്/682/20 നമ്പർ ഉത്തരവ് പ്രകാരം 69 -കുട്ടിക്കുന്ന് എന്ന അങ്കണവാടി

കെട്ടിടത്തിന്റെ നിർമ്മാണം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കി യിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള തുക 72- മലാംകുന്ന് അങ്കണവാടിയ്ക്ക് ഫണ്ട് മാറ്റി നൽകി ഉത്തരവായിട്ടുണ്ട് എന്നാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. 61-തേക്കുംകുറ്റി അങ്കണവാടിയുടെയും നിർമ്മാണം സ്ഥലലഭ്യത ഇല്ലാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. 72-മലാംകുന്ന് അങ്കണവാടിയ്ക്ക് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പദ്ധതി നിലവിലുണ്ട്. ചുരുക്കത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടാത്ത രണ്ട് അങ്കണവാടികൾക്കാണ് തുക കൈമാറിയിട്ടുള്ളത്. ആവശ്യകത പരിഗണിക്കാതെയാണ് പദ്ധതിയ്ക്കായി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ 72, 75 നമ്പറിലുള്ള കെട്ടിടങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പുമായി പ്രവൃത്തി സംബന്ധിച്ച് കരാറിലേർ പ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന് ലഭിക്കുമായിരുന്ന രണ്ട് സ്മാർട്ട് അങ്കണവാടികൾ മേൽ കാരണങ്ങളാൽ നഷ്ടമായ അവസ്ഥയിലാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/20-21 തിയ്യതി : 17.08.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1160000 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-11 പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാ ക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ പ്രവൃത്തി റി ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 – ലെ എ.സി2/ 223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ അഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീ കരണ കാലയളവ്. | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | സൈറ്റ്കൈമാറിയ തിയ്യതി. പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | |
| 1 | 274/2019-20 കുമാരനല്ലൂർ സബ്സെന്റർ | 835584 ( ബ്ലോക്ക് പഞ്ചായത്ത് ചെക്ക് നം. 429503-4640689/12.2.20, 206081-5110581360119076/12.03.20, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം. 200000 ബിൽ നം.19170852011240446/22.01.20) | ശ്രീ. ശംസുദ്ധീൻ.കെ 72/1 8-19 /12.02.19 എം.ബുക്ക്-627,651,824/18-19 | 6മാസം 12.02.19 06.03.20 (11.08.2020 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി .06.03.20നാണ് പൂർത്തീകരിച്ചത് | പി.എ.സി തുക851463 രൂപയുടെ ( 3 %) 25543 രൂപ |
| 2 | 233/2019-20 പാലക്കാം പൊയിൽ റോഡ് നവീകരണം | 1047893 (മെയിന്റനൻസ് റോഡ് ഗ്രാന്റ് ) ബിൽ നം. 18170852009401477443/22.04.19 | ശ്രീ.ജോയ് മാത്യു 6/18-19/ 02.05.2018 എം.ബുക്ക് 472,427/2018-19 | 6മാസം 02.05.2018 24.02.2020 | മാസത്തേയ്ക്കു പി.എ.സി തുക 1283574.92 രൂപയുടെ (3 %) 38507 |
| 3 | 279/2019-20 പീച്ചാം പൊയിൽ റോഡ് നവീകരണം | 292141 (മെയിന്റനൻസ് റോഡ് ഗ്രാന്റ് ) ബിൽ നം. 2011200372169/23.07.19/ 200662193/09.10.19 | ശ്രീ.ഷിനിൽ. കെ.എം 39/18-19/ 17.10.2018 എം.ബുക്ക് 472,427/2018-19 | 6മാസം 17.10.2018 20.05.2019 | പി.എ.സി തുക 324350 രൂപയുടെ (1%) 3244 |
| 4 | 290/2019-20 കുമാരനല്ലൂർ പാലക്കടവത്ത് സ്റ്റേഡിയം നവീകരണം | 465823 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 19170852011201168191/22.04.19 | ശ്രീ.അബ്ദുൾ ബഷീർ.കെ 45/18-19/ 23.02.2019 എം.ബുക്ക് 643/2018-19 | 6മാസം 23.02.2019 01.11.2019 | .പി.എ.സി തുക 465822.57രൂപയുടെ (1%) 4658 |
| | ആകെ പിഴ | | | | 71952 |

ഈ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന്

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതു ണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരി ച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. വളരെയധികം കാലം കഴിഞ്ഞാണ്. പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ ഇനത്തിൽ ഈടാക്കേണ്ട 71952 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-12 ആദിവാസി കലാകേന്ദ്രം നവീകരണം പ്രവർത്തി നടക്കാതെ തുക അനുവദിച്ചതും മറ്റ് അപാകതകളും -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 262/2019-20 (സ്പിൽ ഓവർ)

കരാറുകാരൻ - ശ്രീ. ജമാൽ .ഇ

അടങ്കൽ - 1170260(വികസന ഫണ്ട് എസ്.സി.പി)

ചെലവ് - 722218

ബിൽനമ്പർ തിയ്യതി - 19170852011200372592/23.04.2019)

കരാർ - 103/2016-17/25.02.2017

2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. ( SO019/15-16). ആ വർഷം പ്രവൃത്തി നടപ്പിലാക്കാതെ ഭരണസമിതിയുടെ 147/2015/04.07.2017 നമ്പർ തീരുമാന പ്രകാരം 1100000 രൂപ ഭരണാനുമതി ലഭിച്ച് 2016-17 വർഷത്തിൽ ആണ് ( SO0361/16-17) പ്രവൃത്തി നടപ്പിലാക്കുന്നത് . പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭിയ്ക്കുന്നത് 25.12.2016 നാണ്. 09.01.2017 ൽ നടന്ന ഇ.ടെണ്ടറിൽ ശ്രീ.ജമാൽ.ഇ എന്ന കരാറുകാരന് 901914.18 (5.49% Below )രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. 19.09.2017 ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാത്തതിന് നടപടികൾ സ്വീകരിക്കുമെന്ന് കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും

യാതൊരു നടപടിയും എടുത്തിട്ടില്ല. 2017-18 വർഷത്തിൽ ( SO107/17-18) പ്രവൃത്തിയിൽ സൈറ്റ് ക്ലിയറൻസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പദ്ധതി റിവൈസ് ചെയ്തിട്ടുണ്ട്. 2018-19 ( SO339/18-19)ൽ 106730 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ 722218 രൂപ ഫൈനൽ ബില്ലും അനുവദിച്ചിട്ടുണ്ട്. (ആകെ ചെലവ് 828948) ബില്ലിലെ രേഖപ്പെടുത്തലുകൾ പ്രകാരം 3/2019 ന് ആണ് പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ള പ്രവൃത്തി ഇനത്തിന് 2020-21 മറ്റൊരു പദ്ധതി രൂപീകരിച്ച് തുക ചെലഴിച്ചു.

ഈ പദ്ധതിയിൽ കലാകേന്ദ്രം പെയിന്റ് ചെയ്യുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട് . എന്നാൽ 2021-22 വർഷത്തിൽ മറ്റൊരു പദ്ധതിതയ്യാറാക്കി (241/21) ആദിവാസി കലാകേന്ദ്രം റെനോവേഷൻ എന്ന പേരിൽ പദ്ധതി തയ്യാറാക്കുകയും ശ്രീ. ഹംസ. പി.ടി എന്ന കരാറുകാരൻ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തി, (പ്രവൃത്തി ഇനം 8,9 M.Book 66/20-21,Page 12,14,30) പെയിന്റിങ്ങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 241/21 നമ്പർ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കെട്ടിടം നിർമ്മിച്ചതിനു ശേഷം പെയിന്റിങ്ങ് നടത്തിയിട്ടില്ല, വൈറ്റ് സിമന്റ് മാത്രമേ പൂശിയിട്ടുള്ളൂ ആയതിനാൽ കെട്ടിടം പുതിയ പെയിന്റിങ്ങ് നടത്തുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കി. 13.08.2021 ന് സ്ഥല പരിശോധന നടത്തുമ്പോൾ ഓഡിറ്റ് ബാച്ചിനോടൊപ്പം സാന്നിധ്യമുണ്ടായിരുന്ന 241/21 പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ അത് സാക്ഷ്യപ്പെടുത്തിയിട്ടുമു ണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 2019-20 ൽ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ | | തുക | റിമാർക്സ് |
|---|---|---|---|
| 13.60.1 Wall Painting With Acrylic Emulsion Paint..... | 313.24 M2 @ 106/M2 =33203.44 M.Book Page 14-620/18-19 | 33203.44 | പ്രവൃത്തി നടത്താതെ 2019-20 ൽ ചെലവഴിച്ച 34995 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. |
| 13.61.01 Painting With Syntheticenamel Paint For | 18.47 M2 @ 97/M2 | 1791.54 | |

| | | | |
|---|---|---|---|
| Grillsand Doors..... | =1791.54 M.Book Page 15-620/18-19 | | |
| 2020-21 നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ | | | |
| 13.60.1 Wall Painting With Acrylic Emulsion Paint..... | 361.33 M2 @ 110.68/M2 =39992 M.Book Page 30-66/20-21 | 39992 | 2021-21 ൽ കോമ്പൗണ്ട് വാൾ ഉൾപ്പെടെ പെയിന്റ് ചെയ്തതിനാലാണ് ഏരിയ കൂടിയിട്ടുള്ളത് |
| 13.61.01 Painting With Synthetic Enamel Paint For Grillsand Doors..... | 14.94 M2 @ 102.75/M2 =1535.09 M.Book Page 30-66/20-21 | 1535.09 | |

ഇത്രയും പ്രവൃത്തികൾ നടത്താതെയാണ് ബിൽ തുക നൽകിയതെന്ന് 2020-21 ൽ പ്രൊജക്ട് തയ്യാറാക്കിയ എഞ്ചിനീയറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കരുതേണ്ടിയിരിക്കുന്നു. ആയതിനാൽ ഈ കാര്യത്തിൽ ഒരു അന്വേഷണം നടത്തി പ്രവൃത്തി നടത്താതെ ബിൽ തുക നൽകിയിട്ടുണ്ടെങ്കിൽ അളവ് രേഖപ്പെടുത്തിയ എഞ്ചിനീയറിൽ നിന്നും ആയതിന്റെ മൂല്യം ഈടാക്കേണ്ടതാണ്.

2) എം.ബുക്കുകൾ ഹാജരാക്കിയില്ല.

262/20 പദ്ധതിയിൽ 620/18-19 നമ്പർ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ബില്ലിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലാണ് 828948 രൂപ കരാറുകാരന് അനുവദിച്ചിട്ടുള്ളത്. 215/17-18, 608/18-19,156/17-18, എന്നീ എം. ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളുടെ അടിസ്ഥാനത്തിലാണ് ഈ എം.ബുക്കിൽ തുക രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുക കണക്കാക്കുന്നതിന് ആധാരമാക്കിയിട്ടുള്ള പ്രവൃത്തി അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം.ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവുകൾ അംഗീകരിക്കാൻ സാധിക്കില്ല.

3) കരാറുകാരനിൽ നിന്ന് പിഴ ഇടാക്കിയിട്ടില്ല.

25.02.2017 ൽ കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയിട്ടുള്ള പ്രവൃത്തി ആറു മാസം കൊണ്ട് പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ 3/2019 ലാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് (ബിൽ പ്രകാരം). പ്രവൃത്തി നടത്തിയത് രേഖപ്പെടുത്തിയിട്ടുള്ള എം ബുക്കുകൾ ഹാജരാക്കിയിട്ടില്ല. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത്.

4) 13.08.2021 ആദിവാസി കലാകേന്ദ്രം സന്ദർശിച്ചു. കെട്ടിടം നാളിതുവരെ നിശ്ചിത ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായി 88000 രൂപ നീക്കി വച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പൂർത്തിയാക്കിയിട്ട് 2വർഷം കഴിഞ്ഞിട്ടും അനുബന്ധ സൗകര്യങ്ങളൊന്നും ഏർപ്പെടുത്തി കെട്ടിടം പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 12/2019-20 /തിയ്യതി : 17.08.21)മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയ്ക്ക് തൻ വർഷം ചെലവഴിച്ച 722218 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

<u>1-13 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി, പ്രവർത്തികൾക്ക് വേണ്ടി ചെലവഴിയ്ക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല</u>

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ ചിലത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത് . എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തിയ്യതി, ഫണ്ടിനം | തുക |
|---|---|---|
| 1)310/2019-20 | 1917084349/11.11.19 191707705/16.03.20 (ധനകാര്യ | 488682 |

| | | |
|---|---|---|
| വാക്കവയൽകുടിവെള്ള പദ്ധതി | കമ്മീഷൻ ഗ്രാന്റ്) | |
| 2) 262/20-21, മാവണ്ണ കാരാട്ട് കോളനി കുടിവെള്ള പദ്ധതി | 605754-1303837/03.08.19 6119-5044703/20-21/02.11.19 482922-5044717/31.03.20 4878-5044718/31.03.20 (ജില്ലാപഞ്ചായത്ത് ഫണ്ട്) | 1099673 |
| | ആകെ ചെലവ് | 1588355 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തൻ വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും ചേർക്കപ്പെടുന്ന മൂല്യങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 7/2019-20 തിയ്യതി : 17. 08.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി റജിസ്റ്ററിൽ ഇല്ലാത്ത പ്രവൃത്തിയ്ക്ക് ചെലവഴിച്ച തുക ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ തടസ്സത്തിൽ വയ്ക്കുന്നു.

## 1-14 പാലക്കാം പൊയിൽ റോഡ് നവീകരണം പ്രവർത്തി പാർട്ട് ബില്ലിൽ അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 233/2019-20 (സ്പിൽ ഓവർ)

കരാറുകാരൻ - ശ്രീ. ജോയ് മാത്യു.

ചെലവ് തുക - 1047893(മെയിന്റനൻസ് റോഡ്)

ബിൽനമ്പർ തിയ്യതി - 181708520094O1477443/17.04.2019)

കരാർ - 05/2018-19/2.05.2018

എം.ബുക്ക് നമ്പർ - 427/18-19

ഈ പ്രവൃത്തിയിൽ കരാറുകാരന് 2019-20 വർഷത്തിൽ പാർട്ട് ബിൽ ആയി 1047893 രൂപ അനുവദിച്ചിട്ടുണ്ട്. 04.02.2019 വരെയുള്ള പ്രവൃത്തികളുടെ പ്രവൃത്തി മൂല്യമായി എം.ബുക്ക് പേജ് 23 ൽ കൂട്ടിയിട്ടിരിക്കുന്ന തുക 1102117.50 രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ പ്രവൃത്തി ഇനങ്ങൾ കൂട്ടിയിട്ട് ലഭിയ്ക്കുന്ന തുക 1045103.858 രൂപയാണ്.ഈ ക്ലറിക്കൽ തകരാറു മൂലം പ്രവൃത്തിയ്ക്ക് അധികം തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കേണ്ടതുക | അധികം അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം-1102117.50<br>4.92% ടെണ്ടർ കുറവ് - 54224.18<br>അനുവദിച്ചത്- 1047893.32 | ആകെ പ്രവൃത്തി മൂല്യം-1045103.858<br>4.92% ടെണ്ടർ കുറവ് - 51419.18<br>അനുവദിക്കേണ്ടതുക- 993684.75 | 1047893.32<br>-993684.75<br>=54208.57 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8/2019-20 തിയ്യതി : 17.08.2021)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയ്ക്ക് ഫൈനൽബിൽ നൽകിയിട്ടില്ല. ഫൈനൽ ബിൽ നൽകുമ്പോൾ അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.54209 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-15 അക്കരപ്പറമ്പ് എസ്റ്റേറ്റ് റോഡ് നവീകരണം പ്രവൃത്തി റിവൈസ് ചെയ്യാതെ ചെലവ് തുക അനുവദിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - 224/2019-20 (സ്പിൽ ഓവർ)

കരാറു കാരൻ - ശ്രീ. ബിജോ.കെ.പി

ചെലവ് തുക - 494378 (മെയിന്റനൻസ് റോഡ്)

ബിൽനമ്പർ തിയ്യതി - 476401-1817085200940147198 5/17.04.2019)

- 17977-19170852011201237469/10.02.20)

കരാർ - 62/2018-19/31.01.2019

എം.ബുക്ക് നമ്പർ - 432/18-19,462/18-19

2ാം വാർഡിൽ സ്ഥിതി ചെയ്യുന്ന അക്കരപ്പറമ്പ് എസ്റ്റേറ്റ് ഗേറ്റ് റോഡിൽ രണ്ട് ക്രോസ് ഡ്രെയിനുകൾ നിർമ്മിക്കുന്നതിനും, സൈഡ് കെട്ടുന്നതിനും രണ്ട് ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കരാറുകാരൻ ഐറിഷ് ഡ്രെയിൻ ഒഴികെയുള്ള പ്രവൃത്തികൾ എസ്റ്റിമേറ്റിലും കൂടുതൽ അളവിൽ ചെയ്ത് 28.02.2019 ന് പ്രവൃത്തി പൂർത്തീകരിച്ചിരുന്നു. തുക എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തിക്കൊണ്ട് പാർട്ട് ബിൽ കരാറുകാരന് അനുവദിച്ചു. വാർഡ് മെമ്പറുടെ അപേക്ഷ പ്രകാരം (തിയ്യതിയില്ല) നിലവിലുള്ള സ്പിൽ ഓവർ പ്രവൃത്തിയിലെ ഐറിഷ് ഡ്രെയിൻ

ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. കാരണമായി പറയുന്നത് എസ്റ്റേറ്റ് ഗേറ്റ് അക്കരപ്പറമ്പ് റോഡിൽ മുഴുവൻ വീതിയിലും ടാറിങ്ങ് നടത്താൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് എന്നതിനാലാണ്. (346/2019-20 )

ജി.ഒ(പി)13/2012/PWD/01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് വകുപ്പ് മാന്വൽ 1601.1.6 ടി.എസ് ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എന്നാൽ ഈ പ്രവൃത്തിയിൽ ഐറിഷ് ഡ്രെയിൻ എന്ന ഇനം ഒഴിവാക്കിയിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാതെയാണ് ഫൈനൽബിൽ അനുവദിച്ചിട്ടുള്ളത്.

ഫസ്റ്റ് പാർട്ട് ബിൽ നൽകിയ ശേഷം പ്രവൃത്തികളൊന്നും പുതിയതായി നടത്തിയിട്ടില്ല. ബിൽ തയ്യാറാക്കിയപ്പോൾ ഫസ്റ്റ് പാർട്ട് ബില്ലിൽ നിന്ന് ഒഴിവാക്കിയ എസ്റ്റിമേറ്റിൽ നിന്ന് അധികരിച്ച് ചെയ്ത പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ബിൽ തുക നൽകിയിട്ടുള്ളത് ,

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 06/ 2019-20 തിയ്യതി : 17.08.2021 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ നടപ്പിലാക്കാതെ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു . 2019-20 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്താതെ ഉപേക്ഷിച്ചിരിക്കുകയാണ് . വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 253/20 | ത്തുങ്ങലിൽ കുഴിക്കണ്ടം കുവ്വപ്പാറ റോഡ് | 50000 | വികസന ഫണ്ട് |
| 263/20 | തൊമ്മൻ കട ഇല്ലിത്തോട് റോഡ് | 163600 | എം.ജി.ആർഫണ്ട് |
| 265/20 | പൊട്ടുവണ്ണിക്കൽ റോഡ് | 208575 | എം.ജി.ആർഫണ്ട് |
| 268/20 | കീഴേടത്ത് റോഡ് | 200000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 272/20 | ആയുർവ്വേദ ആശുപത്രി | 150000 | എം.ജി.ആർഫണ്ട് |

| | | | |
|---|---|---|---|
| | പെയിന്റിങ്ങ് റൂഫിങ്ങ്... | | |
| 295/20 | ഗോബർദ്ധൻ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 1390000 | സ്റ്റേറ്റ് ഫണ്ട് |
| 301/20 | മാന്ത്ര കരീറ്റിപ്പുറം കുടിവെള്ള പദ്ധതി | 415280 | എം.ജി.എൻ.ആർഫണ്ട് |
| 304/20 | കൽപൂർ അങ്കണവാടി ടോയ്ലെറ്റ് | 20000 | കേന്ദ്ര ഫണ്ട് |
| 306/20 | കറുത്ത പറമ്പ് അങ്കണവാടി ടോയ്ലെറ്റ് | 20000 | കേന്ദ്ര ഫണ്ട് |

ഇത്തരത്തിൽ സേവന വികസന മേഖലകളിൽ നടപ്പാക്കേണ്ട പ്രൊജക്റ്റുകൾ നടപ്പാക്കാതെ പോകുന്നത് പദ്ധതി രേഖപ്രകാരമുള്ള പഞ്ചായത്തിന്റെ ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കും.

ഓരോ മേഖലയിലും മുൻഗണനാടി സ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ്കമ്മിറ്റികളുടെയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017 - 2022 കാലത്തെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രൊജകട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ്ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്റ്റുകൾക്ക് രൂപം നല്കേണ്ടത്. ഇത്തരത്തിൽ യാതൊരു പ്ലാനിങ്ങും ഇല്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാതെ പദ്ധതികൾ ഉപേക്ഷിക്കേണ്ടി വരുന്നത്. യഥാർത്ഥത്തിലുള്ള ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പദ്ധതിരൂപീകരണം മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി നേടൽ, ടെണ്ടർ വിളിക്കൽ കരാറിലേർപ്പെടൽ തുടങ്ങി ഗ്രാമപഞ്ചായത്തി ന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങളും ഫണ്ടും പാഴാകുന്ന അവസ്ഥയാണ് ഇത്തരത്തിൽ പദ്ധതികൾ ഉപേക്ഷിക്കുന്നതിലൂടെ ഉണ്ടാകുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 12/ 2019-20 തിയ്യതി : 17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനായി 2019-20 വർഷം 141 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 50 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് (35%) വിവിധ ഫണ്ടുകളിലായി 46155828 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 14345536 രൂപ മാത്രമാണ് ( 31%) ചെലവഴിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 1436296 | 50000 | 3.5% |
| എസ്.സി.പി | 1173000 | 172800 | 14.7% |
| ധനകാര്യകമ്മീഷൻ അവാർഡ് | 6601101 | 3302054 | 50% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1801902 | 401028 | 22% |
| തനത് ഫണ്ട് | 382411 | 9500 | 2.5% |
| ബ്ലോക്ക് ഫണ്ട് | 864358 | 796130 | 92% |
| ജില്ലാപഞ്ചായത്ത് ഫണ്ട് | 2000000 | 1099673 | 55% |
| മെയിന്റനൻസ് റോഡ് | 27375096 | 7485107 | 27% |
| മെയിന്റനൻസ് റോഡിതരം | 4311664 | 1029244 | 24% |
| മറ്റുള്ളവ | 210000 | 0 | 0 |
| ആകെ | 46155828 | 14345536 | 31% |

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള വിവിധ ഫണ്ടുകൾ വിനിയോഗിക്കാതിരുന്നത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിലും ടെണ്ടർ ക്ഷണിക്കുന്നതിലും കരാർ വയ്ക്കുന്നതിലുമൊക്കെ കാലതാമസമുണ്ടാ ക്കിയിട്ടുണ്ടെന്ന് വിവിധ രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഉദാഹരണമായി വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 10/19, 11/19 മാസങ്ങളിൽ നടന്ന യോഗങ്ങളിൽ ആണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ എസ്റ്റിമേറ്റ്, ടി.എസ്, ടെണ്ടർ,

തുടങ്ങിയ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ഇതിൽനിന്ന് പദ്ധതി നിർവ്വഹണത്തിലെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് വ്യക്തമാണ് .

2019-20 വർഷത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ ഒരു തവണ മാത്രമാണ് പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുള്ളൂ.(20.1.20, ) തീരുമാനങ്ങൾ എഴുതി പൂർത്തിയാക്കാതെയും മിനുട്സ് ക്ലോസ് ചെയ്യാതെ പേജുകളിൽ ഒഴിച്ചിട്ടിരിക്കുന്നു. 20-21 വർഷത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ ഫലപ്രദമായിപ്രവർത്തിച്ചിരുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

വ്യക്തമായ അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വികസന മേഖല അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്ത് ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതായിരിക്കണം സ്റ്റാറ്റസ് റിപ്പോർട്ട് .ഇവിടെ 2019-20 ൽ പൊതുമരാമത്ത് മേഖലയിലെ അവസ്ഥാ വിശകലനം നടത്തിയിട്ടില്ല.

ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിലും കാലതാമസമുണ്ടായിട്ടുണ്ട്.19.09.19 ന് മാത്രമാണ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/ 2019-20 തിയ്യതി : 17.8.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-18 എസ്.എസ്.എ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിക്കുന്നില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്.ഒ 03/2019-20

അടങ്കൽ - 400000

ചെലവ് - 400000

ബിൽ നമ്പർ,തിയ്യതി - 5/19-20/23.07.2020,)

പഞ്ചായത്തിൽ എസ്.എസ്.കെ പദ്ധതിയുടെ നടത്തിപ്പിനായി 400000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം ഓഫീസർ 400000 ലക്ഷം രൂപയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം എസ്.എസ്.കെ വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് പഞ്ചായത്ത് സ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു

ഇടപെടലുകളും നടത്തിയിട്ടില്ല. സ.ഉ (കൈ)11/2018/തസ്വഭവ /29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തുക, സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക, ക്ലാസ് മുറികൾ ഉണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങൾ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടെങ്കിലും അത്തരം പ്രൊജക്ടുകളൊന്നും എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല

പ്രോജക്ട് 1/2019-20 (പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും ചെലവ് വഹിക്കൽ)

സെക്രട്ടറി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം പത്രപരസ്യ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന 15% ഇളവ് പ്രയോജനപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നമ്പർ 17/(പി) ഐ &പി. ആർ ഡി/ തിയ്യതി 8/12/15 പ്രകാരം ഗവർമെന്റ് സ്ഥാപനങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തിയ്യതി | തുക | ഡിസ്കൗണ്ട് നിരക്കിലുള്ള തുക | പത്രത്തിന്റെ പേര് |
|---|---|---|---|
| 197085200940070825 | 31416 | 26703 | മാധ്യമം |

അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 കുടിവെള്ള വിതരണം, സർക്കാർ ഉത്തരവുകൾ പാലിച്ചില്ല

നിർവ്വഹണം -സെക്രട്ടറി

പ്രോജക്ട് നമ്പർ- 319/ 2019-20

അടങ്കൽ തുക - 594900 (വികസന ഫണ്ട്)

ചിലവ് – 594900

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉത്തരവ് (സാധാ നമ്പർ 500/2019 ത.സ്വ.ഭ.വ . തി. 2/03/19 തദ്ദേശ സ്വയഭരണം (എഫ്.എം) വകുപ്പ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി അസ്സയിൻ കുറുത്തപറമ്പ് എന്നവരുടെ ടെണ്ടർ 10/04/2019 ലെ ഭരണസമിതി 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 17/04/2019 മുതൽ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളം വിതരണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1.കുടിവെള്ളം വിതരണം ചെയ്യുന്ന ഓരോ ടാങ്കറിലേയും ജി.പി.എസ്.നിരീക്ഷിച്ച് അതിൽ നിന്നുള്ള ട്രിപ്പ്ഷീറ്റും വാഹനത്തിലെ ലോഗ്ബുക്കും ക്രോസ് ചെയ്ത് സുതാര്യത ഉറപ്പുവരുത്തേണ്ടതുണ്ട് . എന്നാൽ അത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

2. മേൽ ഉത്തരവ് പ്രകാരം ജി.പി.എസിൽ നിന്നുള്ള ട്രിപ്പ്ഷീറ്റ് അനുസരിച്ച് മാത്രമേ തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള ട്രിപ്പ്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

3. വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

4. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കാൻ സ്ഥാപനത്തിൽ കാൾ സെന്റർ തുടങ്ങിയതിന്റെ രേഖകളില്ല.

5. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ തരം തിരിച്ച് തദ്ദേശ സ്ഥാപനങ്ങൾ സ്പ്രെഡ്ഷീറ്റ് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാ ക്രമത്തിലുമാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത്. അത്തരത്തിലുള്ള മുൻഗണനാ ക്രമം പാലിച്ചിട്ടില്ല.

6. കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ്ഷീറ്റുകളിൽ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല.

7. കുടിവെള്ള വിതരണം നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പകൽ വീട്-കെയർടേക്കർക്ക് അധിക തുക നൽകി

പ്രൊജക്ടിന്റെ പേരും നമ്പറും-പകൽ വീട് 77/20
നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
വകയിരുത്തിയതുക – 416000/-(വികസനഫണ്ട്-പൊതുവിഭാഗം)
ചെലവ് – 416000/-

| ക്രമ നം. | ബിൽനമ്പർ,തിയ്യതി | തുക |
|---|---|---|
| 1 | 7/27.7.19 | 45000/- |
| 2 | 9/24.8.19 | 15000/- |
| 3 | 11/10.10.19 | 115000/- |
| 4 | 14/22.10.19 | 15000/- |
| 5 | 19/26.12.19 | 70000/- |
| 6 | 25/10.03.19 | 122000/- |
| 7 | 31/24.03.19 | 34000/- |
| | ആകെ | 416000/- |

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽസമത്ത് ഒത്തുകൂട്ടുവാനും ഉല്ലസിക്കുവാനും ഒരുകേന്ദ്രം സ്ഥാപിച്ച് അത് വഴി ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ലഘൂകരിക്കുകയും മാനസികാരോഗ്യം മെച്ചപ്പെടുത്തുകയുമാണ് പദ്ധതി ലക്ഷ്യം. ഇവർക്ക് ഒന്നിച്ചിരുന്ന് കഥകൾ പറയാനും എഴുതാനും കളിക്കാനും വായിക്കാനും സൗകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നെല്ലിക്കാപറമ്പിൽ ശ്രീ ഗോശാലക്കൽ അബ്ദുൾഅക്ബർ എന്നവരുടെ ഉടമസ്ഥതയിലുള്ള KP/13/264 നമ്പർ വീട്ടിൽ , പ്രതിമാസം 20000/-വാടകക്ക് പ്രവർത്തിക്കുന്ന ലജൻറ് ക്ളബ്ബ് എന്ന പകൽവീട്ടിൽ ഒരു കെയർടേക്കറും ഒരു ശുചീകരണതൊഴിലാളിയുമുൾപ്പെടെ രണ്ട് ജീവനക്കാരാണുള്ളത്. വാടകയും ജീവനക്കാരുടെ ഓണറേറിയവുമുൾപ്പെടെ (കെയർടേക്കർ-8000/-, ശുചീകരണതൊഴിലാളി-7000/-)പ്രതിമാസം 35,000/-രൂപയാണ് പദ്ധതിയിൽ നിന്നു ള്ള ചെലവ്.

14.02.2018ലെ കൈ.22/2018 നമ്പർ ഉത്തരവു ഖണ്ഡിക 7.1.13 പ്രകാരം പകൽവീട്ടിൽ നിയമിക്കുന്ന ജീവനക്കാർക്ക് 7000/-രൂപയിൽ അധികരിക്കാതെയാണ് വേതനം നൽകേണ്ടത്. എന്നാൽ കെയർടേക്കർക്ക് 11/19 വരെ പ്രതിമാസം 8000/-രൂപ നൽകി വന്നിരുന്നു.

കെയർടേക്കർ ശ്രീ അലിഹസന് 04/19 മുതൽ 11/19 വരെയുള്ള മാസങ്ങളിലായി 1000/-രൂപ വീതം ആകെ 8000/-രൂപ അധികം നല്കിയതായി കാണുന്നു. അപാകത ശ്രദ്ധയിൽപ്പെട്ടു ത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-03/19-20തിയ്യതി 16.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 8000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>3-2 കൃത്യമായ പദ്ധതിയില്ലാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പിലായില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് - 193/2019-20 (സ്പിൽ ഓവർ)

ചെലവ് - 1160000

ബിൽനമ്പർ തിയ്യതി - 38 /26.06.2019)

2.11.2018 ലെ ഐ.സി.ഡി.എസ്/A7/23073/18 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാരശ്ശേരി ഗ്രാമ പഞ്ചായത്തിലെ 61-തേക്കുംകുറ്റി,69 -കുട്ടിക്കുന്ന് എന്നീ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചെലവിന്റെ 40% തുക പഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. ആയതിന്റ അടിസ്ഥാനത്തിൽ സെക്രട്ടറി 1160000 രൂപ അഡ്വാൻസ് ആയി പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ 2 അങ്കണവാടി കെട്ടിടങ്ങളുടെയും നിർമ്മാണം പൊതുമരാമത്ത് വകുപ്പ് നാളിതുവരെ നടത്തിയിട്ടില്ല. ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറിയപ്പോൾ കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നതിന് പകരം തെറ്റായി ഇലക്ട്രിക്കൽ വിഭാഗത്തിലേയ്ക്കാണ് നൽകിയിട്ടുള്ളത് . തിരികെ ആ സാമ്പത്തിക വർഷത്തിൽ തുക മാറ്റിയിട്ടില്ല.

29.09.20 ലെ ഐ.സി.ഡി.എസ്/682/20 നമ്പർ ഉത്തരവ് പ്രകാരം 69 -കുട്ടിക്കുന്ന് എന്ന അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള തുക 72-മലാംകുന്ന് അങ്കണവാടിയ്ക്ക് ഫണ്ട് മാറ്റി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. 61-തേക്കുംകുറ്റി അങ്കണവാടിയുടെയും നിർമ്മാണം സ്ഥലലഭ്യത ഇല്ലാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. 72-മലാംകുന്ന് അങ്കണവാടിയ്ക്ക് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് പദ്ധതി നിലവിലുണ്ട്. ചുരുക്കത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടാത്ത രണ്ട് അങ്കണവാടികൾക്കാണ് തുക കൈമാറിയിട്ടുള്ളത്. ആവശ്യകത പരിഗണിക്കാതെയാണ് പദ്ധതിയ്ക്കായി സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ 72, 75 നമ്പറിലുള്ള കെട്ടിടങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പുമായി പ്രവൃത്തി സംബന്ധിച്ച് കരാറിലേർപ്പെ ടാതെയാണ് തുക കൈമാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന രണ്ട് സ്മാർട്ട് അങ്കണവാടികൾ മേൽ കാരണങ്ങളാൽ നഷ്ടമായ അവസ്ഥയിലാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/20-21 തിയ്യതി : 17.08.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1160000 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ല - പിഴ ഈടാക്കാതെ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്തത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ അഗ്രി. നമ്പർ, തിയ്യതി.എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവർത്തി പൂർത്തീകരണ കാല യളവ്.സൈറ്റ്കൈമാറിയ തിയ്യതി. പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | പൂർത്തിയാക്കിയ തിയ്യതി | |
| 1 | 274/2019-20<br>കുമാരനല്ലൂർ സബ്സെന്റർ | 835584<br>( ബ്ലോക്ക് പഞ്ചായത്ത് ചെക്ക് നം. 429503-4640689/12.2.20, 206081-5110581360119076/12.03.20, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം. 200000 ബിൽ നം.19170852011240446/22.01.20) | ശ്രീ. ശംസുദ്ധീൻ.കെ<br>72/1 8-19 /12.02.19<br>എം.ബുക്ക്-627,651,824/18-19 | 6മാസം<br>12.02.19<br>06.03.20<br>(11.08.2020 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി .06.03.20നാണ് പൂർത്തീകരിച്ചത് | പി.എ.സി തുക851463 രൂപയുടെ ( 3%)<br>25543 രൂപ |
| 2 | 233/2019-20<br>പാലക്കാം പൊയിൽ റോഡ് നവീകരണം | 1047893<br>(മെയിന്റനൻസ് റോഡ് ഗ്രാന്റ് )<br>ബിൽ നം.<br>18170852009401477443/22.04.19 | ശ്രീ.ജോയ് മാത്യു<br>6/18-19/02.05.2018<br>എം.ബുക്ക്<br>472,427/2018-19 | 6മാസം<br>02.05.2018<br>24.02.2020 | മാസത്തേയ്ക്ക പി.എ.സി തുക 1283574.92 രൂപയുടെ (3%)<br>38507 |
| 3 | 279/2019-20<br>പീച്ചാം പൊയിൽ റോഡ് നവീകരണം | 292141<br>(മെയിന്റനൻസ് റോഡ് ഗ്രാന്റ് )<br>ബിൽ നം.<br>2011200372169/23.07.19/<br>200662193/09.10.19 | ശ്രീ.ഷിനിൽ.കെ.എം<br>39/18-19/17.10.2018<br>എം.ബുക്ക്<br>472,427/2018-19 | 6മാസം<br>17.10.2018<br>20.05.2019 | പി.എ.സി തുക 324350 രൂപയുടെ (1%)<br>3244 |
| 4 | 290/2019-20<br>കുമാരനല്ലൂർ പാലക്കടവത്ത് സ്റ്റേഡിയം നവീകരണം | 465823<br>( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം.<br>19170852011201168191/22.04.19 | ശ്രീ.അബ്ദുൾ ബഷീർ.കെ 45/18-19/23.02.2019<br>എം.ബുക്ക്<br>643/2018-19 | 6മാസം<br>23.02.2019<br>01.11.2019 | പി.എ.സി തുക 465822.57രൂപയുടെ (1%)<br>4658 |
| | ആകെ പിഴ | | | | 71952 |

ഈ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല.ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്ത മാണ്.എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം.പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധിക രിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിയ്ക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്ന തിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ ഇനത്തിൽ ഈടാക്കേണ്ട 191668 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1540000 | ലൈഫ് (ജനറൽ) | 1540000 | 0 |
| | 2019-20 | 237932 | ലൈഫ് (എസ്.സി) | 160000 | 77932 |
| | 2019-20 | 300000 | മിൽക്ക് ഇൻസെന്റീവ് | 300000 | 0 |
| | 2019-20 | 450000 | സ്കോളർഷിപ്പ് | 449800 | 200 |
| | 2019-20 | 40000 | പാഡി ഇൻസെന്റീവ് | 40000 | 0 |
| | 2018-19 | 167714 | പഞ്ചായത്ത് മിനി സ്റ്റേഡിയം | 163902 | 3812 |
| | 2018-19 | 500000 | ശ്മശാനം പുനരുദ്ധാരണം | 500000 | 0 |
| | 2017-18 | 700000 | കുമാരനല്ലൂർ സബ്സെന്റർ നിർമ്മാണം | 635584 | 64416 |
| | 2016-17 | 400000 | ശുചിത്വം | 21500 | 378500 |
| ജില്ല പഞ്ചായത്ത് | 2018-19 | 2000000 | മാവണ്ണ കാരാട്ട് കോളനി കുടിവെള്ള | 1099673 | 900327 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | 2018-19 | 342068 | ലൈഫ് പദ്ധതി (എസ്.സി.) | 342068 | 0 |
| | 2018-19 | 2000000 | അറവ് ശാല നിർമാണം | 0 | 2000000 |
| | 2018-19 | 400000 | ബിൽഡിങ്ങ് മെറ്റീരിയൽ യൂണിറ്റ് | 0 | 400000 |
| | 2017-18 | 200000 | ആകാശഗംഗ | 0 | 200000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അങ്കണവാടി നിർമ്മാണം | 166000 | 0 | 166000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ജി.ഒ(എം എസ്)83/13 എൽ.എസ്. ജി.ഡി 11.3.13 | 2014-15 | 40,000 | 28972251 | 0 | 4236395 | 29012251 |
| കെ.യു.ആർ. ഡി.എഫ്.സി | | | 20,20,000 | 2282485 | 529411 | 0 | 3773074 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 500000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ 11.14 | തെരുവ് വിളക്ക് സ്ഥാപിക്കൽ | |
| 2001-02 | 3.2 | 2005-06 | 2.70.1.8.1 (73) | കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാദ്ധ്യതയാകുന്നു | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 3.7 | 2005-06 | 2.70.1.9.6 (73) | കർഷക തൊഴിലാളി പെൻഷൻ കാലതാമസം<br>2001-02 ൽ ലഭിച്ച 100 ഓളം അപേക്ഷകൾ ഒരു വർഷത്തിന് ശേഷമാണ് തീർപ്പാക്കിയത് | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 2 | 2005-06 | 2.70.14.12 (80) | നികുതി പിരിക്കുന്നതിലെ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 2.1 | 2006-07 | 3.79.1.22(100) | ഗ്രാമപഞ്ചായത്ത്-കെട്ടിട നികുതി, തൊഴിൽ നികുതി,തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br>1)കെട്ടിട നികുതി 89298.00<br>2)തൊഴിൽ നികുതി ----<br>3)ലൈസൻസ് 4443.00 | |

| | | | | | |
|---|---|---|---|---|---|
| | | | | മറ്റിനം 93741.00(1995-96 മുതൽ 2000-01 വരെ) | |
| 2002-03 | 3.26 | 2006-07 | 3.79.3.11(102) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2003-04 | 2.3 | 2006-07 | 3.79.4.6(103) | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം-കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല | |
| 2003-04 | 3.6 | 2006-07 | 3.79.6.9(105) | മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രസീതി നൽകുന്നില്ല. | |
| 2003-04 | 3.10 | 2006-07 | 3.79.11.2(108) | കന്നുകുട്ടി പരിപാലനം അപാകതകൾ | |
| | | 2013-14 | 5.1.5.2(58) | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | |
| 2014-15 | 3.19 | 2016-17 | 6(ബി) | ആശ്രയ | |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2.6 | 2017-18 | 1.11.3 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77315306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79573386 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1239952 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2364782 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 8000 | ഡോ.സജ്ന.പി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-2 | - | 1160000 | ശ്രീ.മുഹമ്മദ് അഷ്റഫ്.വൈ.പി, സെക്രട്ടറി |
| 3-3 | - | 55331<br>648<br>15973 | ശ്രീ.സോണി.എം,, അസി.എഞ്ചിനീയർ<br>ശ്രീ.രാജേഷ്.എൻ, അസി.എഞ്ചിനീയർ<br>ശ്രീ.രാജേഷ്.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 722218 | ശ്രീ.സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 976482<br>605754<br>6119 | ശ്രീ.രാജേഷ്.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.മൂസ.വി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ.രാജേഷ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 54209 | ശ്രീ.സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സജ്ന.പി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാരശ്ശേരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാരശ്ശേരി | മേലെ കോവൂർ, കോവൂർ (പി.ഒ), കോഴിക്കോട് |
| ശ്രീ.മുഹമ്മദ് അഷ്റഫ്.വൈ.പി, സെക്രട്ടറി | സെക്രട്ടറി, വണ്ടൂർ ഗ്രാമഞ്ചായത്ത് | യാക്കിപ്പറമ്പൻ, ഊർങ്ങാട്ടിരി.പി.ഒ, മലപ്പുറം, പിൻ-673639 |
| ശ്രീ.സോണി.എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേലമ്പ്ര ഗ്രാമഞ്ചായത്ത് | ഡി18 ക്വാർട്ടേഴ്സ്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, തേഞ്ഞിപ്പാലം.പി.ഒ |
| ശ്രീ.രാജേഷ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | എൻ.വി.എസ് നിവാസ്,എൻ.ഐ.ടി കാമ്പസ്.പി.ഒ, കോഴിക്കോട്-673601 |
| ശ്രീ.രാജേഷ്.ടി.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാരശ്ശേരി ഗ്രാമഞ്ചായത്ത് | താഴെ പൂതാളത്ത്, ചേവരമ്പലം,കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(1) | 2 | 39,42 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 1 | 31 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(4) | 1 | 3-21 |
| | | | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(5) | 1 | 3-6 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(1) | 16 | 1-1, 1-3, 2-1(1)മുതൽ 13 വരെ,<br>2-2, 2-3(1,2), 2-4,3-5,3-6,<br>3-7, 3-8, 3-9,3-10, 4-2, 4-3, 4-6(ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(2) | 28 | 1-1,1-3,1-4,2-1,2-3,2-7, 2-8, 2-11,2-12, 2-14,3-1, 3-3, 3-5, 3-6, 3-7, 3-8,3-9,<br>3-10,3-14,3-15,3-16,3-17,3-19,<br>3-20,3-22,3-23,4-2,4-3 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(1) | 8 | 2-3,3-3,3-4, 3-6, 3-7, 3-9,<br>3-10,3-11 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(2) | 23 | 2-3,3-2,<br>3-3(1),3-3(2),3-4,3-5,<br>3-6(3),(4),(5),(8),3-8,<br>3-10(6), 3-11, 3-18,3-20,<br>3-22,3-23,3-24, 3-25,<br>3-26,3-27,3-28,3-29,<br>3-30, 3-31, 3-32,3-34 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി1/1041/2020(3) | 11 | 2-1(1),3-2,3-3,3-4,3-12,3-13,<br>3-14,3-17,<br>3-18,3-19,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5,<br>3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5,<br>2-6,2-7,3-2,3-3,<br>3-4,3-5,3-6,3-9,3-10,3-11,<br>3-12,3-13,3-14,3-15,3-17,<br>3-23, 3-24,3-25,<br>3-27,3-28,3-29,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി1/ 105/20 തി 18.5.20 | 31 | 1-10,2-1(1)(2),2-2, 2-3, 2-4, 2-5, 2-6,3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8എ,ബി,3-9,<br>3-13,3-14,3-16,3-17,3-18,3-19,<br>3-20,3-21,3-22,3-23,3-24,<br>3-25,3-27,3-28,3-29 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി1/ 264/2020 തി 10.3.20 | 15 | 1-8(1), 1-9, 1-10, 1-11, 1-12, 1-13, 1-18, 11-19,1-20, |

| | | | |
|---|---|---|---|
| | | | 1-21,1-22,1-23,1-25,1-26,1-27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്